LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29-6-2015-ലെ ജി.ഒ. ആർ.ടി.നമ്പർ 2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ ഇതിനകം അംഗീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. എന്നാൽ ടി ലാബുകൾക്ക് NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

## മാനസികാരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ നടപടി

**60 (4863)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസികാരോഗ്യമേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മാനസികാരോഗ്യകേന്ദ്രങ്ങളിലെ അടിസ്ഥാന സംവിധാനങ്ങളിലെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ;

(സി) മാനസികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡിസ്ട്രിക് മെന്റൽ ഹെൽത്ത് പ്രോഗ്രാംവഴി തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യആരോഗ്യകേന്ദ്രങ്ങളിലും Psychiatrist, Psychiatric Social Worker എന്നിവർ അടങ്ങുന്ന ടീം മാസത്തിലൊരിക്കൽ രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിച്ച് മരുന്നുകൾ നൽകുന്നു. മാനസികാരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ നിർണ്ണയിച്ചവർക്കും തുടർ ചികിത്സ ആവശ്യമുള്ളവർക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ചുതന്നെ ചികിത്സയും കൗൺസിലിംഗും ലഭ്യമാക്കുന്നു.

കോംപ്രിഹെൻസീവ് മെന്റൽ ഹെൽത്ത് പ്രോഗ്രാം (സി.എം.എച്ച്.പി)- മാനസിക രോഗം ഭേദമായതും എന്നാൽ തുടർചികിത്സ ആവശ്യമുള്ളവർക്ക് വേണ്ടി പകൽ വീടുകൾ 2014-ൽ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇവിടെ തുടർ ചികിത്സ, കൗൺസിലിംഗ്, ഓക്കുപേഷൻ തെറാപ്പി എന്നിവ നൽകുന്നു. ഭക്ഷണം, മരുന്ന്, പകൽ വീട്ടിലേയ്ക്കുള്ള യാത്ര എന്നിവ സൗജന്യമാണ്.

ഡി-അഡിക്ഷൻ സെന്ററുകൾ - മദ്യപാനം ഒരു മാനസികരോഗമാണ്. മദ്യത്തിന് അടിമകളായവരെ ലഹരി മുക്തിചികിത്സ നൽകുന്നതിന് 19 ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങാനുള്ള പദ്ധതിയുണ്ട്. ഇതിൽ ഒൻപതെണ്ണം ഇപ്പോൾ പ്രവർത്തനസജ്ജമാണ്. ഇതുകൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഹരി മുക്തിചികിത്സാ കേന്ദ്രങ്ങൾ ഉണ്ട്.

മാനസികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ചികിത്സയ്ക്കുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നു.

(ബി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അപര്യാപ്തത പരിഹരിക്കാനായി ഒട്ടനവധി പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുവഴി ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എല്ലാ സാമ്പത്തിക വർഷവും തുക വകയിരുത്തുകയും ടി തുക ഉപയോഗിച്ച് ഇൻ സർവ്വീസ് പരിശീലനം, ഉപകരണങ്ങൾ, രോഗികൾക്കുള്ള വസ്ത്രങ്ങൾ, പുതപ്പുകൾ, കിടക്കകൾ, വാർഡുകളിലേയ്ക്കും ഒ.പി. ബ്ലോക്കുകളിലേയ്ക്കും ഫർണിച്ചർ വാങ്ങൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഓരോ സാമ്പത്തിക വർഷവും മാനസികാരോഗ്യ കേന്ദ്രങ്ങളിൽനിന്ന് ആവശ്യപ്പെടുന്ന തുക സർക്കാരിൽനിന്ന് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് ലഭ്യമാക്കി വിനിയോഗിച്ചുവരുന്നു. ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കും മാതാപിതാക്കൾക്കും ബന്ധുക്കൾക്കും

ഉൾപ്പെടെയുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ മറ്റ് ആരോഗ്യ പ്രവർത്തന ക്ലാസ്സുകളിലും മേൽ വിഷയത്തിൽ ഊന്നൽ നൽകുന്നുണ്ട്. സർക്കാർ സംവിധാനത്തിലുള്ളതും സ്വകാര്യ മേഖലയിലുള്ളതുമായ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് രോഗം ഭേദമായ അന്തേവാസികളെ മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ പരിമിതികൾ പരിഹരിക്കുന്നതിനായി താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം- ഡി-അഡിക്ഷൻ സെന്ററിന്റെ നിർമ്മാണം. പുരുഷന്മാർക്കുവേണ്ടി 20 സിങ്കിൾ റൂമിന്റെ നിർമ്മാണം.

മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ- മോഡേൺ സൈക്യാട്രിക് വാർഡ് കെട്ടിടം, ഡയറ്ററി യൂണിറ്റ് കെട്ടിടം, ഫീമെയിൽ ഫോറൻസിക് വാർഡ് സീവേജ് സിസ്റ്റം പുതുക്കി പണി നടക്കുന്നു.

കൂടാതെ മോഡേൺ സൈക്യാട്രിക് വാർഡ് പണിയുന്നതിനുവേണ്ടി 4 കോടി, ഡയറ്ററി യൂണിറ്റ് പണിയുന്നതിനുവേണ്ടി 90 ലക്ഷം സീവേജ് സിസ്റ്റത്തിനുവേണ്ടി 45 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

(സി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കുംവേണ്ടിയുള്ള വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

## സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

**61 (4864)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പകർച്ചപ്പനി കണക്കിലെടുത്ത് ഡോക്ടർമാരില്ലാത്ത സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെ എങ്കിലും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഒഴിവുള്ള സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ രേഖാമൂലം എഴുതി നൽകിയാൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly